RBI 2005-06/392

UBD (PCB) സർക്കുലർ നമ്പർ 54/09.39.000/2005-06

മെയ് 26, 2006

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക്,

എല്ലാ പ്രാഥമിക (അർബൻ സഹകരണ ബാങ്കുകളുടെ)

സർ/മാഡം

**2006-07 കാലത്തെ വാർഷിക നയപ്രസ്ഥാവന - ഫെയർ പ്രാക്ടീസ് കോഡ് - ബാങ്ക് നിരക്കുകളുടെ പ്രദർശിപ്പിക്കൽ - UCB കൾ**

ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള 2006-07 കാലത്തെ വാർഷിക നയത്തിലെ ഖണ്ഡിക 162 ദയവായി പരിശോധിക്കുക.

2. നിലവിലുള്ള നിർദ്ദേശങ്ങൾ പ്രകാരം, സേവനത്തിന് പണം ഈടാക്കുന്നകാര്യം ഓരോ ബാങ്കിന്റെയും ബോർഡിന്റെ തീരുമാനത്തിന് വിധേയമാണ്. സാധാരണഗതിയിൽ സർവ്വീസ് ചാർജ് ഈടാക്കുമ്പോൾ അത്തരം നടപടി യുക്തിയുക്തമാകേണ്ടതാണ്. സേവനത്തിന്റെ സ്വഭാവത്തിന് അനുസൃതമായിട്ടും ചുരുങ്ങിയ ഇടപാടുകൾ മാത്രം നടത്തുന്ന ഉപഭോക്താവിന് അധികഭാരം ഉണ്ടാക്കാത്ത തരത്തിലുമായിരിക്കണം സർവ്വീസ് ചാർജ് ഏർപ്പെടുത്തേണ്ടത്.

3. യുക്തിരഹിതവും സുതാര്യമല്ലാത്തുമായ തരത്തിൽ ബാങ്കുകൾ സേവനനിരക്ക് ഈടാക്കുന്നു എന്നും ഇക്കാര്യത്തിൽ നിലവിലുള്ള സ്ഥാപിത സംവിധാനങ്ങൾ അപര്യാപത്മാണെന്നും സൂചിപ്പിച്ചുകൊണ്ട് പൊതുജനങ്ങളിൽ നിന്നും നിരവധി പരാതികൾ തുടർച്ചയായി റിസർവ് ബാങ്കിന് ലഭിക്കുന്നുണ്ട്. ബാങ്കിംഗ് സേവനങ്ങളിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി ഷെഡ്യൂൽഡ് ബാങ്കുകൾ ഇതോടൊപ്പമുള്ള അനുബന്ധം 1 ലെ രൂപത്തിനനുസൃതമായി സേവനനിരക്കുകൾ സംബന്ധിച്ച വിശദവിവരങ്ങൾ ഏറ്റവും പുതുതാക്കി തങ്ങളുടെ വെബ്സൈറ്റുകളിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു. സേവനരീതിയിൽ വ്യത്യാസം ഉണ്ടാകുന്നതിനനുസരിച്ച് വിവരങ്ങളുടെ പ്രദർശനത്തിന്റെ രൂപത്തിനും മാറ്റം വരുത്താവുന്നതാണ്.

4. പുറമെ, എല്ലാ ഷെഡ്യൂൾഡ് UCB കളും ചില പ്രത്യേക ഇനം സേവനത്തിന് ഈടാക്കുന്ന നിരക്കുകൾ കൂടി അനുബന്ധം 11 പ്രകാരം പ്രദർശിപ്പിക്കേണ്ടതാണ്. ഇവ പ്രാദേശിക ഭാഷകളിലും പ്രദർശിപ്പിക്കാവുന്നതാണ്.

5. ഷെഡ്യൂൾഡ് ബാങ്കുകൾ ജൂൺ 15, 2006 ഓടേ സേവനനിരക്കുകളെ കുറിച്ചുള്ള വിശദവിവരങ്ങൾ ഞങ്ങൾക്ക് നൽകേണ്ടതാണ്. (അനുബന്ധം II). റിസർവ് ബാങ്കിന്റെ വെബ്സൈറ്റിൽ അവ ഉൾപ്പെടുത്താൻ പ്രയോജനപ്പെടുന്നതാണ്. കാലത്തിനനുസൃതമായി

പരിഷ്കരിക്കപ്പെടുന്നതിനായി സേവനനിരക്കുകളിൽ കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങളും അറിയിക്കേണ്ടതാണ്.

വിധേയൻ

(എൻ എസ് വിശ്വനാഥൻ)

ചീഫ് ജനറൽ മാനേജർ - ഇൻ ചാർജ്

**വാർഷികനയത്തിന്റെ 2006-07 ലേയ്ക്കുള്ള പ്രസ്താവന (ഏപ്രിൽ 2006) ഫെയർ പ്രാക്ടീസസ് കോഡ് : ബാങ്ക് നിരക്കുകളുടെ ന്യായത**

162. യുക്തിരഹിതവും സുതാര്യമല്ലാത്തതുമായ തരത്തിൽ ബാങ്കുകൾ സേവന നിരക്കുകൾ ഈടാക്കുന്നു എന്നും ഇക്കാര്യത്തിൽ നിലവിലുള്ള സ്ഥാപിത സംവിധാനങ്ങൾ അപര്യാപ്തമാണെന്നും സൂചിപ്പിച്ച് കൊണ്ട് നിരവധി പരാതികൾ റിസർവ് ബാങ്കിന് ലഭിക്കുന്നുണ്ട്. ഇടപാടുകാർക്ക് മാന്യത കൈവരിക്കുന്നതിനായി താഴെ ചേർക്കുന്ന നടപടികൾ വിഭാവനം ചെയ്യുന്നു:-

റിസർവ് ബാങ്ക് അംഗീകരിക്കുന്ന രൂപത്തിൽ ബാങ്കുകളുടെ ഓഫീസുകളിലും/ശാഖകളിലും/വെബ്സൈറ്റുകളിലും സേവനനിരക്കുകളെ കുറിച്ചുള്ള വിശദവിവരങ്ങൾ പ്രദർശിപ്പിക്കണമെന്ന് അനുശാസിക്കുന്നു. ഇത്തരം വിശദവിവരങ്ങൾ റിസർവ് ബാങ്കും അവരുടെ വെബ്സൈറ്റിൽ ഉൾക്കൊള്ളിക്കുന്നതാണ്.

**അനുബന്ധം I**

സേവന നിരക്കുകൾ - ബാങ്കിന്റെ വെബ്സൈറ്റിൽ ചേർക്കേണ്ട ഏറ്റവും കുറഞ്ഞ വിവരങ്ങൾ

| |
|---|
| **ബാങ്കിന്റെ പേര്** |
| **സേവിംഗ്സ് ബാങ്ക്  അക്കൗണ്ട് - നോ ഫ്രിൽസ് അക്കൗണ്ട്** |
| മിനിമം ബാലൻസ് |
| പ്രവർത്തന രാഹിത്യത്തിനുള്ള നിരക്കുകൾ |
| **ചെക്ക് ബുക്ക് സൗകര്യമുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ** |
| മിനിമം ബാലൻസ് |
| പ്രവർത്തന രാഹിത്യത്തിനുള്ള നിരക്കുകൾ |
| **ചെക്ക് ബുക്ക് സൗകര്യമില്ലാത്ത സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ** |
| മിനിമം ബാലൻസ് |
| പ്രവർത്തന രാഹിത്യത്തിനുള്ള നിരക്കുകൾ |
| മറ്റ് സേവിംഗ് ബാങ്ക് അക്കൗണ്ട് സൗകര്യങ്ങൾ |
| പ്രസ്താവനയുടെ പകർപ്പ് നൽകൽ |
| ഒറ്റയായ ചെക്ക് നൽകൽ |
| പാസ്ബുക്കിന്റെ പകർപ്പ് നൽകൽ |
| മിനിമം ബാലൻസ് കണക്കാക്കുന്ന രീതി |
| **സ്വന്തം ബാങ്കിലൂടെ പണമടയ്ക്കാനുള്ള സൗകര്യങ്ങൾ** |
| ഡി ഡി - നൽകൽ |
| ഡി ഡി - റദ്ദാക്കൽ |
| ഡി ഡി - പ്രതിലേഖം |
| ഡി ഡി - തീയതിയുടെ പുനർ നിർണ്ണയം |
| പി ഒ - നൽകൽ |
| പി ഒ - റദ്ദാക്കൽ |
| പി ഒ - പ്രതിലേഖം |
| റ്റി റ്റി - നൽകൽ |
| റ്റി റ്റി - റദ്ദാക്കൽ |
| റ്റി റ്റി - പ്രതിലേഖം |
| റ്റി റ്റി - തീയതിയുടെ പുനർ നിർണ്ണയം |
| ഇ എഫ് റ്റി നിരക്കുകൾ - ഉള്ളിലേയ്ക്ക് |
| ഇ എഫ് റ്റി നിരക്കുകൾ - പുറത്തേയ്ക്ക് |
| അർ റ്റി ജി എസ് - പുറത്തേയ്ക്ക് |
| അർ റ്റി ജി എസ - ഉള്ളിലേയ്ക്ക് |

| |
|---|
| ചെക്കുകളുടെ കളക്ഷൻ |
| **മറ്റ് ബാങ്കുകളിലൂടെ പണമടയ്ക്കാനുള്ള സൗകര്യങ്ങൾ** |
| ഡി ഡി - നൽകൽ |
| ഡി ഡി - റദ്ദാക്കൽ |
| ഡി ഡി - പ്രതിലേഖം |
| പി ഒ - നൽകൽ |
| പി ഒ - റദ്ദാക്കൽ |
| പി ഒ - പ്രതിലേഖം |
| പി ഒ - തീയതിയുടെ പുനർ നിർണ്ണയം |
| റ്റി റ്റി - നൽകൽ |
| റ്റി റ്റി - റദ്ദാക്കൽ |
| റ്റി റ്റി - പ്രതിലേഖം |
| റ്റി റ്റി - തീയതിയുടെ പുനർ നിർണ്ണയം |
| ഇ എഫ് റ്റി നിരക്കുകൾ - ഉള്ളിലേയ്ക്ക് |
| ഇ എഫ് റ്റി നിരക്കുകൾ - പുറത്തേയ്ക്ക് |
| അർ റ്റി ജി എസ് - പുറത്തേയ്ക്ക് |
| അർ റ്റി ജി എസ - ഉള്ളിലേയ്ക്ക് |
| ചെക്കുകളുടെ കളക്ഷൻ |
| പ്രാദേശികം |
| പുറത്തുള്ളവ സ്വന്തം ബാങ്കിൽകൂടി |
| പുറത്തുള്ളവ മറ്റൊരു ബാങ്കിൽകൂടി |
| ചെക്ക് മടങ്ങൽ - പ്രാദേശികം |
| ചെക്ക് മടങ്ങൽ - പുറത്തുള്ളവ - സ്വന്തം ബാങ്കിൽ കൂടി |
| ചെക്ക് മടങ്ങൽ - പുറത്തുള്ളവ - മറ്റൊരു ബാങ്കിൽ കൂടി |
| **ചില്ലറ ലോൺ** |
| ലോൺ നിർവഹണ നിരക്കുകൾ |
| മുൻകൂട്ടി അടച്ചുതീർക്കുന്നതിനുള്ള നിരക്കുകൾ |
| കുടിശ്ശിക വിമുക്ത സർട്ടിഫിക്കറ്റ് |
| ലേയത്വ സർട്ടിഫിക്കറ്റ് |
| ഇ എം ഐ - വൈകിയുള്ള പണം തിരിച്ചടയ്ക്കലിനുള്ള നിരക്കുകൾ |
| സ്ഥിരപ്പെടുത്തിയ പലിശനിരക്കിൽ നിന്നും ദൈനംദിനവിനിമയ നിരക്കിലേയ്ക്കു മാറുന്നതിനുള്ള നിരക്കുകൾ |
| ദൈനംദിനവിനിമയ നിരക്കിൽ നിന്നും സ്ഥിരപ്പെടുത്തിയ പലിശനിരക്കിലേയ്ക്കു മാറുന്നതിനുള്ള നിരക്കുകൾ |
| **കാർഡുകൾ** |
| **ഏ റ്റി എം** |
| അംഗത്വ ഫീസ് |

| |
|---|
| വാർഷിക ഫീസ് |
| കാർഡ് പുതുക്കുന്നതിനുള്ള നിരക്കുകൾ |
| കാലതാമസം വരുത്തിയതിനുള്ള നിരക്കുകൾ |
| പലിശ നിരക്കുകൾ |
| നഷ്ടമാകുന്ന കാർഡിനു പകരം പുതിയതു നൽകുന്നതിനുള്ള നിരക്കുകൾ |
| പാർട്ണർ ബാങ്കുകൾക്കുള്ള വിനിമയ നിരക്കുകൾ |
| പാർട്ണർ അല്ലാത്ത ബാങ്കുകൾക്കുള്ള വിനിമയ നിരക്കുകൾ |
| **ക്രെഡിറ്റ് കാർഡ്** |
| അംഗത്വ ഫീസ് |
| വാർഷിക ഫീസ് |
| കാർഡ് പുതുക്കുന്നതിനുള്ള നിരക്കുകളൾ |
| കാലതാമസം വരുത്തിയതിനുള്ള നിരക്കുകൾ |
| പലിശ നിരക്കുകൾ |
| നഷ്ടമാകുന്ന കാർഡിനു പകരം പുതിയതു നൽകുന്നതിനുള്ള നിരക്കുകൾ |
| പണമെടുക്കൽ |
| **ഡെബിറ്റ് കാർഡ്** |
| അംഗത്വ ഫീസ് |
| വാർഷിക ഫീസ് |
| കാർഡ് പുതുക്കുന്നതിനുള്ള നിരക്കുകളൾ |
| കാലതാമസം വരുത്തിയതിനുള്ള നിരക്കുകൾ |
| നഷ്ടമാകുന്ന കാർഡിനു പകരം പുതിയതു നൽകുന്നതിനുള്ള നിരക്കുകൾ |
| പണമെടുക്കൽ |
| **പലവക** |
| ബാലൻസ് അന്വേഷണം |
| ബാലൻസ് സർട്ടിഫിക്കറ്റ് |
| പലിശ സർട്ടിഫിക്കറ്റ് |
| അക്കൗണ്ട് അവസാനിപ്പിക്കൽ |
| ഫാക്സ്/ടെലിഫോൺ/മോഡം എന്നിവയുടെ ഉപയോഗം |
| ഫോട്ടോ സാക്ഷ്യപ്പെടുത്തൽ |
| കയ്യൊപ്പ് സാക്ഷ്യപ്പെടുത്തൽ |
| തുക നൽകരുതെന്നുള്ള നിർദ്ദേശത്തിനുള്ള നിരക്കുകൾ |
| പ്രവർത്തന രഹിതമായ അക്കൗണ്ട് |

**അനുബന്ധം II**

സേവനത്തിനുള്ള നിരക്കുകൾ - ബാങ്കിന്റെ ശാഖാ പരിസരത്ത് പ്രദർശിപ്പിക്കേണ്ട ഏറ്റവും കുറഞ്ഞ വിവരങ്ങൾ.

A. പണം ഈടാക്കാതെ നൽകപ്പെടുന്ന സേവനങ്ങൾ

B. മറ്റുള്ളവ

| |
|---|
| സേവിംഗ് ബാങ്ക് അക്കൗണ്ടിൽ ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ തുക |
| സേവിംഗ് ബാങ്ക് അക്കൗണ്ടിൽ ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ തുക ഇല്ലായിരുന്നാൽ ഈടാക്കാവുന്ന തുകയുടെ നിരക്കുകൾ |
| പുറത്തുനിന്നുള്ള ചെക്കുകൾ പണമാക്കി മാറ്റിയെടുക്കാനുള്ള നിരക്കുകൾ |
| ഡിമാന്റ് ഡ്രാഫ്റ്റ് നൽകുന്നതിനുള്ള തുകയുടെ നിരക്കുകൾ |
| ചെക്ക് ബുക്ക് നൽകുന്നതിനുള്ള തുകയുടെ നിരക്കുകൾ |
| അക്കൗണ്ടിനെ കുറിച്ചുള്ള വിവരങ്ങളടങ്ങിയ പ്രസ്ഥാവനയ്ക്കുള്ള നിരക്കുകൾ |
| അക്കൗണ്ട് അവസാനിപ്പിക്കുന്നതിന് ഈടാക്കാവുന്ന തുകയുടെ നിരക്കുകൾ |
| എ റ്റി എം കേന്ദ്രങ്ങളിലെ നിക്ഷേപം/പിൻവലിക്കൽ എന്നിവയ്ക്ക് ഈടാക്കാവുന്ന നിരക്കുകൾ |